"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - ശ്രീ. ജിതിൻ എം (PEN : 946776) - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II - പഠനാവശ്യത്തിനു ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.314/2026/WRD    തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:-
1. 05/02/2024-ലെ സ.ഉ.(സാധാ)നം.105/2024/ ജവിവ.
2. ചീഫ് എഞ്ചിനീയർ (ഐ & എ) യുടെ 30/10/2025, 12/12/2025 എന്നീ തീയതികളിലെ CEIA/274/2024-A5 നമ്പർ കത്ത്.
3. ശ്രീ. ജിതിൻ എം. 12.09.2025-ൽ സമർപ്പിച്ച അവധി അപേക്ഷ.

**<u>ഉത്തരവ്</u>**

തലശ്ശേരി ഹൈഡ്രോളജി സെക്ഷൻ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ശ്രീ. ജിതിൻ.എം (പെൻ : 946776), ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് IIന് പരാമർശം (1) പ്രകാരം 07.02.2024 മുതൽ 14.11.2025 വരെ കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2) ഓസ്ട്രേലിയൻ ഗവൺമെന്റിൽ നിന്നും നിശ്ചിത സമയത്ത് വിസ ലഭിക്കാത്തതിനെത്തുടർന്ന് കോഴ്സിന് ചേരുവാൻ സാധിക്കാതെ വന്നതിനാൽ 04.05.2024 വരെ ശ്രീ. ജിതിൻ.എം ജോലിയിൽ ഹാജരാകുകയും ചെയ്തിരുന്നു. 02.05.2024-ന് ടിയാന് വിസ ലഭിക്കുകയും, യൂണിവേഴ്സിറ്റി പറഞ്ഞ സമയത്ത് വിസ ലഭിക്കാത്തതിനാൽ ടിയാന്റെ കോഴ്സ് ജൂലായ് മാസത്തിലേക്ക് defer ചെയ്തു നൽകുകയും പിന്നീട് അനുവദിക്കപ്പെട്ട കോഴ്സ് 22.07.2024 മുതൽ 30.06.2026 വരെ ആണെന്നും പരാമർശം (2) പ്രകാരം ചീഫ് എൻജിനീയർ (ഐ & എ) റിപ്പോർട്ട് ചെയ്തിരുന്നു.

3) വിസ ലഭ്യമാക്കുന്നതിന് കാലതാമസം വന്നതിനാൽ ലീവിന്റെ അപേക്ഷ മാറ്റി നൽകിയാൽ നടപടിക്രമം അനുസരിച്ച് യഥാസമയം ലീവ് അനുവദിച്ച് കിട്ടിയില്ലെങ്കിൽ വീണ്ടും കോഴ്സ് നഷ്ടപ്പെടുമോ എന്ന ആശങ്കയും, അമ്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ടിയാന്റെ സാന്നിധ്യം ആവശ്യമായി വന്നതിനാലുമാണ് 05.05.2024 മുതൽ 21.07.2024 വരെ ലീവിൽ പ്രവേശിക്കേണ്ടിവന്നതെന്ന് ടിയാൻ

അറിയിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശൂന്യവേതനാവധി **30.06.2026** വരെ നീട്ടിക്കിട്ടുന്നതിനായി ശ്രീ. ജിതിൻ എം. പരാമർശം **3** സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി ചീഫ് എൻജിനീയർ (ഐ & എ) സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോഴ്‌സിന്റെ പൂർണ്ണമായ കാലയളവിലേക്കാണ് കെ.എസ്.ആർ., ഭാഗം **I**, അനുബന്ധം **XII-B** പ്രകാരമുള്ള ശൂന്യവേതന അവധി അനുവദിക്കുന്നത് എന്നതിനാൽ ശ്രീ ജിതിൻ എം., ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **II** ന് പരാമർശം **(1)** പ്രകാരം അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തു കൊണ്ടും, പ്രസ്തുത തസ്തികയിൽ ലീവിൽ തുടരുന്ന ശ്രീ ജിതിൻ എം. പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് **22.07.2024** മുതൽ **30.06.2026** വരെ കെ.എസ്.ആർ., ഭാഗം **I**, അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാലിനി ഒ ജി

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ (ഐ & എ), തിരുവനന്തപുരം.

ശ്രീ ജിതിൻ എം. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II , അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം തലശ്ശേരി ഹൈഡ്രോളജി സെക്ഷൻ (ചീഫ് എഞ്ചിനീയർ (ഐ & എ) തിരുവനന്തപുരം മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (e-2688812/I&PW-A2/49/2024-FIN തിയതി 23/11/2025)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം തൃശൂർ

വെബ് ആന്റ് ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sunithakumary S
Date: 24-03-2026 17:35:49